**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 647** | **08-10-2024 - ൽ മറുപടിയ്ക്ക്**

**ഖാദിമേഖലയിലെ തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഖാദി തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ സർക്കാർ വിഹിതമായി നിശ്ചയിച്ചിട്ടുള്ള തുകയെത്രയാണെന്നും അതിൽ എത്ര തുക നിലവിൽ കുടിശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | അഖിലേന്ത്യ ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ പുറപ്പെടുവിക്കുന്ന കോസ്റ്റ് ചാർട്ടിനെ അടിസ്ഥാനമാക്കിയാണ് ഖാദി മേഖലയിൽ തൊഴിലാളികൾക്ക് കൂലി നിശ്ചയിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ഖാദി നൂല്പ്, നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ഉല്പാദനത്തിന് ആനുപാതികമായി പ്രോജക്ടിന്റെ വിറ്റുവരവിൽ നിന്നും മാസവേതനം നൽകി വരുന്നു. ടി കോസ്റ്റ് ചാർട്ട് കാലാനുസൃതമായി ഖാദി കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുമെങ്കിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തെക്കാൾ കുറവായ വേതനമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്.<br><br>മിനിമം വേതന നിരക്ക് പ്രകാരമുള്ള വേതനത്തിന്റെയും കോസ്റ്റ് ചാർട്ട് പ്രകാരമുള്ള വേതനത്തിന്റെയും വ്യത്യാസവും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പുറപ്പെടുവിക്കുന്ന ഡി.എ.യും (നിലവിൽ 132 രൂപ) ചേർന്ന തുകയാണ് നിലവിൽ തൊഴിലാളികൾക്ക് നൽകുന്നത്.<br><br>ലേബർ കമ്മീഷണർ 2024-25 വർഷത്തേക്ക് ഖാദി ബോർഡിന് ശുപാർശ ചെയ്ത 35 കോടി രൂപയിൽ 11-09-2024-ലെ സ.ഉ.(സാധാ) നം.940/2024/LBR നമ്പർ ഉത്തരവുപ്രകാരം 17.5 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2023 ഡിസംബർ വരെയുള്ള കുടിശ്ശിക തുക തൊഴിലാളികൾക്ക് വിതരണം ചെയ്തു. ടി വകയിൽ ഇനി 30 കോടി രൂപ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്.<br><br>ഖാദി ബോർഡ് തൊഴിലാളികൾക്ക് തുക വിതരണം ചെയ്ത് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയാൽ മാത്രമേ ഭരണാനുമതി നൽകിയ ബാക്കി തുകയായ |

| | | | |
|---|---|---|---|
| | | | 17,50,00,000/- രൂപയ്ക്ക് കൂടി വിതരണാനുമതി നൽകുവാൻ കഴിയൂ. |
| (ബി) | ഖാദി മേഖലയിൽ റിബേറ്റിനത്തിൽ എന്തു തുക നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകാൻ കുടിശികയായുണ്ടെന്നും കുടിശിക എപ്പോൾ വിതരണം ചെയ്യാനാകുമെന്നും അറിയിക്കുമോ; | (ബി) | കേന്ദ്ര സർക്കാരിൽനിന്നും നിലവിൽ റിബേറ്റ് ഇല്ല. നിലവിൽ 35 (മുപ്പത്തിയഞ്ച്) കോടി രൂപ റിബേറ്റ് ഇനത്തിൽ നൽകാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സാമ്പത്തിക പ്രശ്നങ്ങൾ കാരണം പ്രസ്തുത മേഖലയിൽ തൊഴിലാളികൾ കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര തൊഴിലാളികളാണ് നിലവിൽ ഈ മേഖലയിൽ പണിയെടുക്കുന്നതെന്നും പത്തു വർഷങ്ങൾക്കുമുമ്പ് എത്ര തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നും അറിയിക്കുമോ; | (സി) | ഖാദി മേഖലയിൽ തൊഴിലാളികൾ കുറഞ്ഞുവരുന്നില്ല. പത്ത് വർഷം മുമ്പ് 12000-ത്തോളം തൊഴിലാളികളാണ് ടി മേഖലയിൽ ജോലി നോക്കിയിരുന്നതെങ്കിൽ നിലവിൽ ആയത് 12500 ആയി ഉയർന്നിട്ടുണ്ട്. |
| (ഡി) | ഖാദിമേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഈ മേഖലയിൽ തൊഴിൽ അവസരങ്ങൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഖാദി മേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ടി മേഖലയിൽ തൊഴിലവസരങ്ങൾ നിലനിർത്തുന്നതിന് ബോർഡ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഖാദി തൊഴിലാളികൾക്ക് ക്വാളിറ്റിയുള്ള സ്ലൈവർ നൽകുന്നതിനായി ഖാദി ബോർഡിന്റെ കീഴിലുള്ള ഏറ്റുകുടുക്ക പരുത്തി സംസ്കരണ കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആധുനിക മെഷിനറികൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ചർക്കകളിൽ നവീകരണം നടത്തുന്നതിനായി IIT ചെന്നൈയുടെ കീഴിൽ Rutag -മായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. ഖാദി നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന് നടപടിയെടുത്തു. ഖാദി നൂല്പ്-നെയ്ത്ത് (ചർക്ക, തറി) എന്നീ ഉപകരണങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ കെ.എസ്.സി.എം.എം.സി. നവീകരിച്ചു നൽകിയ 10-ഡ്യൂവൽ ഡ്രിവൺ സംവിധാനമുള്ള ചർക്കകൾ ജില്ലകളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന തുണികൾ ഉപയോഗിച്ച് ആധുനിക രീതിയിലുള്ള റെഡിമെയ്ഡ് വസ്ത്രങ്ങളും നിർമ്മിച്ച് വിപണനം നടത്തി വരുന്നു.<br><br>സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും, ഖാദി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും ധനസഹായം അനുവദിച്ചു വരുന്നു. ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഖാദി നിർമ്മാണ യൂണിറ്റുകളിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങളുടെ നവീകരണത്തിനും |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചർക്ക, തറി എന്നിവയുടെ സ്പെയർപാർട്സ് വാങ്ങുന്നതിനും പുനരുദ്ധാരണത്തിനുമായി ത്രിതല പഞ്ചായത്തിൽ നിന്നും, എം.എൽ.എ. ഫണ്ടിൽ നിന്നും തുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഖാദി തൊഴിലാളികളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോസ്റ്റ് ചാർട്ട് പ്രകാരമുള്ള മാസവേതനത്തിനു പുറമെ മിനിമം വേതനം, ഇൻസന്റീവ്, ഉൽസവബത്ത, ESI ആനുകൂല്യങ്ങൾ, ഹോളിഡേ വേജസ്സ്, സറണ്ടർ വേജസ്, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ